യോഹ 5:19 - 29

ഫെബ്രുവരി 19: ആനീദെ ഞായർ

ഭാഷ്യം

I. സന്ദർഭം

യേശുവിന്റെ രണ്ടാം ജറുസലേം യാത്ര (5:1–6:71) യിലാണ് ഇന്നത്തെ സുവിശേഷത്തിനാധാരമായവ സംഭവിക്കുന്നത്. ഈ ഭാഗത്തിന്റെ ഘടന ചുവടെ ചേർക്കുന്നു:

5:1–18: യഹൂദരുടെ തിരുനാളിലെ അത്ഭുതം.

5:19–47: സ്വർഗ്ഗത്തിൽനിന്ന് വന്ന പുത്രനെക്കുറിച്ചുള്ള പ്രബോധനം.

6:1–21: യഹൂദരുടെ പെസഹാ തിരുനാളിലെ അത്ഭുതങ്ങൾ.

6:22–71: സ്വർഗ്ഗത്തിൽനിന്നു വന്ന അപ്പത്തെക്കുറിച്ചുള്ള പ്രബോധനം.

യേശു സാബത്തിൽ തളർവാതരോഗിയെ സുഖപ്പെടുത്തിയതിൽ രോഷാകുലരായ യഹൂദ നേതാക്കൾ യേശുവിനോടു വാക്കുതർക്കത്തിൽ ഏർപ്പെട്ടു. തന്റെ സ്വർഗ്ഗീയപിതാവ് സാബത്തിലും പ്രവർത്തനനിരതനാകയാൽ താനും സദാ പ്രവർത്തനനിരതനായിരിക്കുന്നു എന്ന് യേശു പ്രതിവചിച്ചു. ഏകദൈവ വിശ്വാസികളായ യഹൂദനു സഹിക്കാവുന്നതിലും അധികമായിരുന്നു ദൈവത്തെ സ്വന്തം പിതാവായി കരുതുന്ന യേശുവിന്റെ അവകാശവാദം. സാബത്തുലംഘനത്തെക്കാൾ ഗുരുതരമായതും യേശുവിനെ വധിക്കേണ്ടതുണ്ടെന്ന് യഹൂദരെക്കൊണ്ട് ചിന്തിപ്പിച്ചതും (വാ. 18) ദൈവം തന്റെ പിതാവാണെന്നുള്ള യേശുവിന്റെ പ്രഖ്യാപനമാണ്. ഈ അവകാശവാദം യഹൂദരുമായുള്ള ഭിന്നത രൂക്ഷമാക്കിയപ്പോൾ യേശു തന്റെ നിലപാടിനെ വിശദീകരിക്കുന്നതാണ് ഇന്നത്തെ വചനസന്ദർഭം.

II. പ്രമേയം

സ്വർഗ്ഗത്തിൽനിന്നു വന്ന പുത്രനും സ്വർഗ്ഗീയ പിതാവും തമ്മിലുള്ള ആത്മബന്ധത്തെയാണ് ക്രിസ്തു ഈ വചനഭാഗത്ത് വിശദീകരിക്കുന്നത്. ചില പദങ്ങളുടെ ആവർത്തനം സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. പിതാവ് (6 തവണ), പുത്രൻ (8 തവണ), ന്യായവിധി (5 തവണ), ജീവൻ (5 തവണ) എന്നീ പദങ്ങൾ ആവർത്തിക്കുന്നതിൽ നിന്ന് യേശുവിന്റെ വാദഗതി വ്യക്തമാണ്: പിതാവ് അയച്ച പുത്രനെ സ്വീകരിക്കുന്നവന് ന്യായവിധിയില്ല; അവൻ

ജീവനിലേക്ക് പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നു.

III. സന്ദേശം

1. പിതാവുചെയ്യുന്നതെല്ലാം അപ്രകാരം തന്നെ പുത്രനും ചെയ്യുന്നു. പിതാവു ചെയ്തു കാണുന്നതല്ലാതെ മറ്റൊന്നും പ്രവർത്തിക്കാൻ പുത്രനു സാധിക്കുകയില്ല (5:19). യഥാർത്ഥ പുത്രൻ പിതാവിന്റെ തത്സ്വരൂപമായിരിക്കും. പോരാ, പിതാവിന്റെ ഇഷ്ടമനുസരിച്ചായിരിക്കും അവൻ പ്രവർത്തിക്കുക. ഇതാണ് യേശു പറയുന്നത്. നീയും ദൈവപുത്രനാണെന്ന സത്യം തിരിച്ചറിയുക. പിതാവിലേക്കും, പിതാവിന്റെ ഹൃദയത്തിലേക്കും നിന്റെ മനസ്സും ശ്രദ്ധയും തിരിച്ചുപിടിക്കുക. പിതാവിനെ നോക്കിയും അവന്റെ ഇഷ്ടമനുസരിച്ചും നിന്റെ ജീവിതം ക്രമീകരിക്കുക. അപ്പോൾ നീ യഥാർത്ഥ ദൈവപുത്രനാകും.

2. പിതാവ് ജീവൻ നൽകുന്നതുപോലെ പുത്രനും താൻ ഇച്ഛിക്കുന്നവർക്ക് ജീവൻ നൽകുന്നു (5:21). 'എന്റെ വചനം കേൾക്കുന്നവന് നിത്യജീവനുണ്ട്' (5:24). ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്നവർ ജീവിക്കും (5:25). ജീവൻ സ്വീകരിക്കാനും അത് നിലനിർത്താനും, നിത്യജീവനാക്കി മാറ്റാനുമുള്ള മാർഗ്ഗം യേശുവചനം കേൾക്കുക, അവന്റെ സ്വരം ശ്രവിക്കുക എന്നതാണ്. നിന്നിൽ ജീവൻ നിലനിർത്താനും അത് സമൃദ്ധമാക്കാനുമുള്ള വഴിയിതാണ്- അനുദിനം യേശുവിന്റെ സ്വരം ശ്രവിക്കുക. നിന്റെ കൂടെയുള്ള യേശുവിന്റെ സാന്നിദ്ധ്യത്തിലേക്ക് തിരിയാനും അവനെ കേൾക്കാനും നീ പരിശ്രമിക്കുമ്പോൾ നിന്നിലെ ജീവനാണ് സമൃദ്ധമാകുന്നത്. അതിന്റെ പരിപൂർണ്ണതയിലാണ് നീ നിത്യജീവനിലേക്ക് കടക്കുന്നത്.

3. കല്ലറയിലുള്ളവർ മനുഷ്യപുത്രന്റെ സ്വരം ശ്രവിക്കുന്നു. അപ്പോൾ നന്മചെയ്യുന്നവർ ജീവന്റെ ഉയിർപ്പിനായും തിന്മചെയ്യുന്നവർ... (5:28-29). മനുഷ്യപുത്രന്റെ സ്വരം രണ്ട് വ്യത്യസ്ത പരിണതഫലങ്ങൾ ഉണ്ടാക്കുന്നു- ജീവനും, ശിക്ഷാവിധിയും. വാക്കിന്റെയും സ്വരത്തിന്റെയും ഗുണമിതാണ്. അത് ജീവദായകമാകാം, നാശ കാരണവുമാകാം. നിന്റെ വാക്കിനും ഈ ഗുണങ്ങൾ തന്നെ ഉണ്ടെന്നതാണ് സത്യം. നിന്റെ വാക്കുകളെ ജീവദായകങ്ങളാക്കി മാറ്റാൻ നിനക്കു സാധിക്കും. നിന്റെ സംസാരം മറ്റുള്ളവരിൽ സമാധാനവും ആത്മവിശ്വാസവും സന്തോഷവും പകരുന്നതാണോ? അതോ കലഹവും കാലുഷ്യവും പരത്തുന്നതാണോ? നിന്റെ വചനങ്ങളെ നീ ജീവദായകമാക്കുക.

ഡോ. ജേക്കബ് നാലുപറയിൽ

പ്രസംഗം

സ്നേഹത്തിൽ ഒന്നാകാം

കുട്ടികളുടെ പരസ്പര ആശയ വിനിമയം കൗതുകത്തോടെ നോക്കിനിൽക്കുന്നവരാണ് നമ്മിൽ പലരും. വാക്കുകളെക്കാൾ സ്നേഹവായ്പ്പോടെയുള്ള പെരുമാറ്റത്തിലൂടെ വൈകാരിക അടുപ്പം കാത്തുസൂക്ഷിക്കുന്ന കുട്ടി

കൾ എന്നും നമുക്ക് മാതൃകയാണ്.

ഇപ്രകാരം അഭേദ്യമായ ഒരു സ്നേഹബന്ധത്തിന്റെ വിവരണമാണ് ഇന്നത്തെ സുവിശേഷം. ഇത് പിതാവും പുത്രനും തമ്മിലുള്ള ഗാഢമായ ബന്ധമാണ്. "പിതാവ് ചെയ്യുന്നതെല്ലാം അപ്രകാരം തന്നെ പുത്രനും ചെയ്യുന്നു" (യോഹ 5:19). "പിതാവ് പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനെ കാണിച്ചുകൊടുക്കുകയും ചെയ്യുന്നു." (യോഹ 5:20). ഒരാൾക്ക് മറ്റൊരാളിൽ നിന്നും ഭിന്നമായ സ്വപ്നങ്ങളോ അഭിപ്രായങ്ങളോ ഇല്ല. രണ്ടുപേരും തമ്മിൽ സ്വാർത്ഥതയുടെ മറയില്ല; സ്ഫടികപാത്രത്തിലെ ശുദ്ധമായ തീർത്ഥജലം പോലെ ശുദ്ധമാണ് രണ്ടുപേരുടെയും മനസ്സ്.

യഥാർത്ഥത്തിൽ പിതാവുമായുള്ള ഗാഢമായ ഈ സ്നേഹബന്ധമായിരുന്നു മനുഷ്യപുത്രനായി അവതരിച്ച ഈശോയ്ക്കുണ്ടായിരുന്ന ഏക കരുത്ത്. താൻ പറയുന്നതും പ്രവർത്തിക്കുന്നതുമൊക്കെ പിതാവിന്റെ തിരുമനസ്സിനൊത്തവണ്ണമാണ് എന്നതായിരുന്നു മനുഷ്യപുത്രന്റെ അധികാരം. ജീവിതാന്ത്യം വരെ പിതാവിന്റെ ഹിതം തേടിയുള്ള യാത്രയായിരുന്നു ഈശോയുടേത്. ഈ സ്നേഹബന്ധത്തിനു സദൃശ്യമായ അഗാധസ്നേഹത്തിലേക്കാണ് ദൈവം നമ്മെയും ക്ഷണിക്കുന്നത്.

വിവാഹത്തിലൂടെ സ്നേഹത്തിൽ ഒന്നാകുന്ന ദമ്പതിമാർ ഈ സ്നേഹബന്ധത്തിന്റെ മാതൃകയിലാണ് ജീവിതം ആരംഭിക്കേണ്ടതും, പൂർത്തിയാക്കേണ്ടതും. തങ്ങളുടേതായ ആഗ്രഹങ്ങളും, സ്വപ്നങ്ങളും സാക്ഷാത്ക്കരിക്കുക എന്നതിനേക്കാൾ, പരസ്പരം തുറവിയോടെ ഒന്നിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്ന ജീവിതശൈലിയാണത്. അവിടെ സ്വാർത്ഥതയുടെ മറയില്ല. കാപട്യത്തിന്റെ മുഖംമൂടിയില്ല. പരസ്പര വിശ്വാസത്തിലൂടെ നിഷ്ക്കളങ്കമായ സ്നേഹം വഴിയായി ഭൂമിയിൽ സ്വർഗ്ഗം പണിയാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

പരസ്പരം തുറവിയും നിഷ്ക്കളങ്ക സ്നേഹവും, സാഹോദര്യവും നമ്മുടെ സമൂഹത്തിൽ നിന്നും അന്യം നിന്നുപോകുമ്പോൾ ദൈവത്തിൽ ആശ്രയിച്ച്, നന്മയുടെ സ്ഥാനപതികളാകാനുള്ള നമ്മുടെ ക്രൈസ്തവ ദൈവവിളിയെ തിരിച്ചറിയാം. യഥാർത്ഥത്തിൽ തന്റെ ശിഷ്യരിൽ നിന്നും യേശുനാഥൻ പ്രതീക്ഷിക്കുന്നതും ഇതുതന്നെയാണ്.

ഫാ. ടോണി കാട്ടാംപള്ളിൽ എംസിബിഎസ്